മാധ്യമം

09 February 2019



അക്വേറിയം വീക്ഷിക്കുന്ന വിദ്യാർഥികൾ

> മീൻമേശയിൽ വറുത്തും കറിയാക്കിയും വിളമ്പാൻ മാത്രമല്ല, മാരകരോഗങ്ങൾക്കുള്ള മരുന്നുകൾ പലതും മത്സ്യത്തിന്റെ പുറന്തോടുകളിൽനിന്നും ചെകിളപ്പൂക്കളിൽനിന്നും ആന്തരികാവയവങ്ങളിൽ നിന്നും ഉൽപാദിപ്പിച്ചെടുക്കാം എന്ന് അറിയാവുന്നവർ കുറവായിരിക്കും.

ചിത്രങ്ങൾ:
ബൈജു കൊടുവള്ളി



കടൽപ്പശുവിന്റെ മാതൃക



സന്ദർശകരെ ആകർഷിച്ച ആനത്തിരണ്ടി

# ആഴമേറെ ഈ കടലറിവുകൾക്ക്

കടലിനടിയിൽ എന്തെല്ലാമുണ്ട്? സസ്യങ്ങൾ, മത്സ്യങ്ങൾ, സസ്തനികൾ, ആൽഗകൾ, കക്ക വർഗങ്ങൾ... അങ്ങനെ പറഞ്ഞാൽ തീരാത്തത്ര ജീവജാലങ്ങൾ. അവയെക്കുറിച്ചെല്ലാം അടുത്തറിഞ്ഞാലോ? അറിയുംതോറും ആഴമേറും. ആ അറിവ് പലപ്പോഴും അമ്പരപ്പും അതിലേറെ കൗതുകവും സൃഷ്ടിക്കും. കൊച്ചി കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ) മറൈൻ അക്വേറിയത്തിലും മ്യൂസിയത്തിലും പരീക്ഷണശാലകളിലുമായി ഏതാനും ദിവസം മുമ്പ് ഒരുക്കിയത് അത്തരമൊരു പ്രദർശനമാണ്. കുട്ടികൾ മുതൽ പ്രായമായവർവരെ കടലറിവുകൾ തേടിയെത്തി. മീനിന്റെയും ചെമ്മീനിന്റെയും കക്കയുടെയുമെല്ലാം പല വിശേഷങ്ങളും അവർ ആദ്യമായി അറിയുകയായിരുന്നു.

ചക്രവർത്തി മത്സ്യം എന്ന് കേട്ടിട്ടുണ്ടോ? എന്നാൽ, അങ്ങനെയുമുണ്ടൊരാൾ. മത്സ്യത്തിന്റെ രാജകീയ പ്രൗഢിയാണ് ആ പേര് സമ്മാനിച്ചത്. നെപ്പോളിയൻ റാസ് എന്ന് ഇംഗ്ലീഷുകാർ വിളിക്കും. ആകർഷകമാണ് ഈ ഭീമന്റെ രൂപഘടന. പവിഴദ്വീപുകൾക്ക് സമീപമാണ് വാസം. 35 കിലോയുള്ള മത്സ്യം കുറച്ചുമാസം മുമ്പാണ് സി.എം.എഫ്.ആർ.ഐ മ്യൂസിയത്തിൽ ഇടംപിടിച്ചത്. പേരിൽ രാജാവൊക്കെയാണെങ്കിലും വംശനാശഭീഷണി നേരിടുന്നു എന്നതാണ് ഇവയുടെ ദുര്യോഗം.

തീൻമേശയിൽ വറുത്തും കറിയാക്കിയും വിളമ്പാൻ മാത്രമല്ല, മാരകരോഗങ്ങൾക്കുള്ള മരുന്നുകൾ പലതും മത്സ്യത്തിന്റെ പുറന്തോടുകളിൽനിന്നും ചെകിളപ്പൂക്കളിൽനിന്നും ആന്തരികാവയവങ്ങളിൽനിന്നും ഉൽപാദിപ്പിച്ചെടുക്കാം എന്ന് അറിയാവുന്നവർ കുറവായിരിക്കും.

ചൈനക്കാരാണ് ഇക്കാര്യത്തിൽ മുന്നിൽ. ചൈനീസ് മരുന്നുകളുടെ വിലയേറിയ ചേരുവ പലതും മത്സ്യത്തിൽ നിന്നാണ്. അർബുദമരുന്നിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ഗവേഷണം നടക്കുന്ന ഒരിനമാണ് കടൽമുയൽ. പേരിൽ മുയൽ ഉണ്ടെങ്കിലും മത്സ്യംതന്നെ. പേര് കേട്ടാൽതന്നെ കൗതുകം തോന്നുന്ന ഇനങ്ങൾ വേറെയുമുണ്ട്. പറക്കും കൂന്തൽ, എലിവാൽ മത്സ്യം, കടൽ പശു, കടൽ വെള്ളരി, കടൽക്കുതിര... അങ്ങനെ പോകുന്നു ഇക്കൂട്ടർ. ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ് വളർന്നാൽ എത്ര കിലോയുണ്ടാകുമെന്ന് ഊഹിക്കാമോ? കുറച്ചൊന്നുമല്ല, 3000 കിലോ. നീളമോ നാല് മീറ്റർ. സമുദ്ര അലങ്കാര മത്സ്യങ്ങളുടെ അപൂർവ ശേഖരമാണ് മറൈൻ അക്വേറിയത്തിലുള്ളത്. വിലയേറിയ മുത്തുകൾ, ശംഖുകൾ, കടലിന് നിറമേകുന്ന ആൽഗകൾ എന്നിവയുടെയെല്ലാം അപൂർവയിനങ്ങൾ ഇവിടെ കാണാം.

മീൻപിടിത്തത്തിന് മലയാളിയുടെ സംസ്കാരവുമായിത്തന്നെ ബന്ധമുണ്ട്. പണ്ടുകാലത്ത് മീൻപിടിക്കാൻ ഉപയോഗിക്കുന്ന മാർഗങ്ങൾ പലതായിരുന്നു. ഒറ്റാലും പലതരം കെണികളുമെല്ലാം അതിൽപെടും. പുതുതലമുറക്ക് ഇവയുടെ മാതൃകകൾ കാണാനും പരിചയപ്പെടാനും അവസരമൊരുക്കിയിരുന്നു.

കടൽസസ്യങ്ങളും മത്സ്യങ്ങളും പാമ്പുകളും പക്ഷികളും കക്കവർഗങ്ങളുമായി മൂവായിരത്തോളം ഇനം ജീവികളുടെ ശേഖരമാണ് സി.എം.എഫ്.ആർ.ഐയുടെ മ്യൂസിയത്തിലുള്ളത്.

സി.എം.എഫ്.ആർ.ഐയിലെ വിവിധ ഗവേഷണ വിഭാഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രദർശനത്തിൽ കടലിൽനിന്ന് പിടിച്ച ഭീമൻ മത്സ്യങ്ങളായ കുതിരമീൻ, ഡോൾഫിൻ മത്സ്യം, വിവിധയിനം സ്രാവുകൾ, ആനത്തിരണ്ടി, ഗിത്താർ മത്സ്യം എന്നിവയും സന്ദർശകരെ ആകർഷിച്ചു. ആറായിരത്തോളം പേരാണ് പ്രദർശനം കാണാനെത്തിയത്.

മീനുകളുടെ വയസ്സ് കണ്ടെത്താനുള്ള പരീക്ഷണശാലയായിരുന്നു മറ്റൊരു ആകർഷണം. മീനുകളുടെ പ്രായം തിട്ടപ്പെടുത്തുന്നതിന്റെ വിവിധ പ്രവർത്തനങ്ങളും അതിനുപയോഗിക്കുന്ന ഉപകരണങ്ങളും ഗവേഷകർ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി.

ഇന്ത്യൻ തീരങ്ങളിൽനിന്ന് പിടിക്കപ്പെടുന്ന മത്തിയുടെ ശരാശരി പ്രായം ഒരു വയസ്സിൽ താഴെയും അയലയുടേത് ഒരു വർഷവുമാണ് പഠനത്തിൽ കണ്ടെത്താനായതെന്ന് ശാസ്ത്രസംഘം വിശദീകരിച്ചു.

അക്വാപോണിക്സ്, കൂടുമത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി എന്നിവയുടെ മാതൃകകൾക്ക് പുറമെ കുറഞ്ഞ അളവിൽ മാത്രം വെള്ളം ഉപയോഗിച്ച് ചെയ്യാവുന്ന നൂതന ജലകൃഷി സംവിധാനമായ റീസർക്കുലേറ്റിങ് അക്വാകൾചർ സിസ്റ്റം (റാസ്) പ്രവർത്തന മാതൃക, ഒരു വസ്തുവിന്റെ 10 ലക്ഷം മടങ്ങ് വരെ വലുതായി കാണിക്കുന്ന സ്കാനിങ് ഇലക്ട്രോൺ മൈക്രോസ്കോപ് തുടങ്ങിയ വിജ്ഞാനപ്രദമായ കാഴ്ചകളും ഒരുക്കിയിരുന്നു.



പ്രദർശനം വീക്ഷിക്കുന്ന കുട്ടികൾ